**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **06-12-2022 - ൽ മറുപടിയ്ക്ക്**

**മിനി ഫുഡ് പാർക്കുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2022 ലെ ബജറ്റ് നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് എത്ര മിനി ഫുഡ് പാർക്കുകൾ സ്ഥാപിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്; | (എ) | 2022-23 സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനും അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ ഒരെണ്ണം കാസർഗോഡ് ജില്ലയിൽ അനുവദിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | അടിസ്ഥാന സൗകര്യങ്ങൾ, അസംസ്കൃത വസ്തുക്കൾ, ഭൂമി എന്നിവയുടെ ലഭ്യത, മറ്റ് വാണിജ്യഘടകങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടാണ് ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ പ്രദേശം തെരഞ്ഞെടുക്കപ്പെടുന്നത്. ഫുഡ് പാർക്കിനുള്ള അനുയോജ്യമായ സ്ഥല നിർണ്ണയം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ